SJD/5173/2021-C3

I/77051/2023

## ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് മത്സര പരീക്ഷകൾക്ക് ധനസഹായം നൽകുന്ന പദ്ധതി - യത്നം'

### അപേക്ഷാ ഫോറം

| | | |
|---|---|---|
| 1 | പേര് | |
| 2 | വയസ്സ്, ജനനതീയതി | |
| 2 | വിലാസം | |
| 3 | ഫോൺ നമ്പർ | |
| 4 | ട്രാൻസ്ജെൻഡർ ഐ ഡി കാർഡ് നമ്പർ | |
| 5 | ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ(ആധാർ/വോട്ടർ ഐഡി etc..) | |
| 6 | വിദ്യാഭ്യാസ യോഗ്യത | |
| 7 | മാർക്ക് (ശതമാനത്തിൽ) | |
| 8 | പഠിക്കുവാൻ ഉദ്ദേശിക്കുന്ന കോഴ്സ് | |
| 9 | പരിശീലന കാലയളവ് | |
| 11 | റെഗുലർ/സൺഡേ/ഹോളിഡേ/ഈവനിംഗ് ബാച്ച് /ഷോർട്ട് ടൈം ബാച്ച് | |
| 12 | കോഴ്സ് ഫീസ് | |
| 13 | പഠിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേര്, വിലാസം, ഫോൺ നം. | |
| 14 | സ്ഥാപനം പ്രവർത്തിക്കുന്ന ജില്ല | |
| 15 | സ്ഥാപനത്തിലേക്ക് മുൻകൂറായി ഫീസ് അടയ്ക്കണമെങ്കിൽ-സ്ഥാപനത്തിന്റെ ബാങ്ക്അക്കൗണ്ട്വിവരങ്ങൾ | |
| 16 | ഫീസ് തുക സ്വയം അടച്ചിട്ടുണ്ടെങ്കിൽ അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (ഒറിജിനൽ രസീത് അപേക്ഷയോടൊപ്പം സമർപ്പിക്കുക ) | |

### സാക്ഷ്യപത്രം

.............................................................................................................................................

.............................................................................................................................................

(പരിശീലനാർത്ഥിയുടെ പേരും മേൽവിലാസവും) എന്ന പരിശീലനാർത്ഥി

........................................................................................................... ജില്ലയിലെ

.......................................................................................................................................... എന്ന
സ്ഥാപനത്തിന്റെ ........................................................................................................................
(കോഴ്സിന്റെ പേര്) കോഴ്സിനു ഫുൾടൈം/ഈവനിംഗ്/വീക്ക് എൻഡ്/ബാച്ചിൽ .................. തീയതി മുതൽ പ്രവേശനം നേടിയിട്ടുണ്ട് എന്നും, കോഴ്സ് കാലാവധി പരമാവധി ........................ മാസം ആണെന്നും സാക്ഷ്യപ്പെടുത്തുന്നു. ഈ കോഴ്സിന്റെ ഫീസിനത്തിൽ ................................ രൂപ പരിശീലനാർത്ഥിയിൽ നിന്നും ഈടാക്കിയിട്ടുണ്ട്/ അടയ്ക്കേണ്ടതുണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്നു. സ്ഥാപനം ........... വർഷത്തിലേറെയായി പ്രവർത്തിക്കുന്നതാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥാപന മേധാവിയുടെ പേരും, ഒപ്പും

സ്ഥലം

തീയതി

<u>പദ്ധതിയുടെ മാനദണ്ഡങ്ങൾ</u>

- പി എസ് സി, യു പി എസ് സി, ബാങ്കിംഗ് സർവീസ്, യുജിസി/നെറ്റ്/ജെ ആർ എഫ് ഉൾപ്പെടെ വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിന് പ്രശസ്തിയും, സേവനപാരമ്പര്യമുള്ളതും, മുൻ വർഷങ്ങളിൽ മികച്ച റിസൾട്ട് സൃഷ്ടിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ളതും, പ്രവേശനം നേടാൻ ഉദ്ദേശിക്കുന്ന ഉദ്യോഗാർഥികൾക്കും വിദ്യാർഥികൾക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- സ്ഥാപനങ്ങളുടെ നിലവാരം തൃപ്തികരമല്ല എന്ന് വകുപ്പിന് ബോധ്യപ്പെടുന്ന പക്ഷം ഇത്തരം സ്ഥാപനങ്ങളിലേക്കുള്ള പരിശീലനാർത്ഥികളുടെ അപേക്ഷകൾ നിരസിക്കാവുന്നതാണ്.
- പി.എസ്.സി, യു.പി.സി, ബാങ്കിംഗ് സർവ്വീസ്, ആർ.ആർ.ബി, യു.ജി.സി/നെറ്റ്/ജെ.ആർ.എഫ് തുടങ്ങിയവയ്ക്ക് പരിശീലനം നേടുന്നതിനായി കോഴ്സ് ഫീസ് പരമാവധി 20,000/ രൂപ അനുവദിക്കുന്നു. കോഴ്സിന്റെ ഭാഗമായി ആഴ്ചയിൽ കുറഞ്ഞത് മൂന്നു ദിവസമെങ്കിലും പരിശീലനംനടത്തുന്നവർ ആയിരിക്കണം. പരിശീലനാർത്ഥികൾക്ക് പ്രതിമാസം സ്റ്റൈപ്പന്റിനത്തിൽ 2000/- രൂപ വീതം (പരമാവധി 10 മാസത്തേയ്ക്ക്) അനുവദിക്കുന്നതാണ്.
- സൺഡേ/ ഹോളിഡേ /ഈവനിംഗ് ബാച്ച് /ഷോർട്ട് ടേം ബാച്ച് (ആറുമാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ) എന്നിവയിൽ പരിശീലനം നടത്തുന്നവർക്ക് കോഴ്സ് ഫീസ് പരമാവധി 6000/- രൂപ അനുവദിക്കുന്നു. സ്റ്റൈപ്പന്റ് ഇനത്തിൽ ഒറ്റത്തവണയായി 2,500/– രൂപയും അനുവദിക്കുന്നതാണ്.
- അപേക്ഷകരുടെ എണ്ണം നിശ്ചയിക്കപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണത്തേക്കാൾ കൂടുതൽ ആയാൽ യോഗ്യതാ പരീക്ഷയിലെ ഉയർന്ന മാർക്ക് അടിസ്ഥാനമാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ്.
- പി എസ് സി, യു പി എസ് സി, ബാങ്കിംഗ് സർവീസ്, യുജിസി/നെറ്റ്/ജെ ആർ എഫ് പരീക്ഷയുടെ പരിശീലനത്തിനുള്ള ധനസഹായം സർക്കാർ അംഗീകൃതമായതോ അല്ലെങ്കിൽ സംസ്ഥാനത്തിനകത്ത് പ്രശസ്ത സ്ഥാപനങ്ങളിലോ പ്രവേശനം നേടിയവർക്ക് മാത്രം അനുവദിക്കുന്നതാണ്.
- ബാങ്കിംഗ് സർവീസ് പരീക്ഷകളുടെ പരിശീലനത്തിനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവർ കുറഞ്ഞത് അഞ്ച് വർഷമെങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും, രജിസ്ട്രേഷൻ ഉള്ളതുംപ്രതിവർഷം 50 പേരെയെങ്കിലും പരിശീലിപ്പിക്കുന്ന സ്ഥാപനത്തിൽ പഠിക്കുന്നവർ ആയിരിക്കണം.
- ഓരോ മത്സര പരീക്ഷയ്ക്കുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും പ്രായപരിധിയും ഈ പദ്ധതിക്കും ബാധകമായിരിക്കും.
- അപേക്ഷയിൽ രേഖപ്പെടുത്തുന്ന മാർക്ക് ശതമാനം തെളിയിക്കുന്നതിന് മാർക്ക് ലിസ്റ്റ്/ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ആണ് സമർപ്പിക്കേണ്ടത്, മറിച്ച് കോഴ്സ് സർട്ടിഫിക്കറ്റ് അല്ല.
- ട്രാൻസ്ജെൻഡർ ഐഡികാർഡ്, എസ്എസ്എൽസി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും, മാർക്ക് ശതമാനം തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്/ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, നിശ്ചിത മാതൃകയിൽ പരിശീലന സ്ഥാപനമേധാവി നൽകുന്ന സാക്ഷ്യപത്രം, ആധാർ കാർഡിന്റെ പകർപ്പ് സ്ഥാപനത്തിൽ ഫീസ് അടച്ചിട്ടുണ്ടെങ്കിൽ ഒറിജിനൽ രസീത്, ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിൻറെ പകർപ്പ്, സ്ഥാപനത്തിനാണ് ഫീസ് കൈമാറേണ്ടതാണെങ്കിൽ സ്ഥാപനത്തിന്റെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- പരിശീലനം നേടാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേരും വിലാസവും കോഴ്സ് ഫീസിന്റെ വിശദാംശങ്ങളും അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

- പരിശീലനത്തിനായി ചേർന്ന സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രവും കോഴ്സിനായി അടച്ച തുകയുടെ വൗച്ചർ/ബില്ല് എന്നിവ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
- സ്ഥാപനത്തിൽ ഫീസ് ഒടുക്കേണ്ട വിധം, അടച്ച രസീതുകൾ എന്നിവ പരിശോധിച്ച് ഒറ്റത്തവണയായോ/ഗഡുക്കളായോ ജില്ലാ സാമൂഹ്യനീതി ഓഫീസർ തുക അനുവദിക്കേണ്ടതാണ്.